## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3137 21.06.2013-ൽ മറുപടിയ്ക്ക്

### ഗവൺമെന്റ് പ്രസ്സുകളിൽ കെട്ടിക്കിടക്കുന്ന സർക്കാർ പ്രസിദ്ധീകരണങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.എ.വാഹിദ്:<br>ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.റ്റി.എൻ.പ്രതാപൻ:<br>ശ്രീ.എ.റ്റി.ജോർജ്:** | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഗവൺമെന്റ് പ്രസ്സുകളിൽ കേരള ഗസറ്റുകൾ വലിയ തോതിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | (ബി) 2012-ൽ പോസ്റ്റൽ വകുപ്പ് ആർ.എൻ.ഐ.രജിസ്ട്രേഷൻ കർശനമാക്കിയതിനെത്തുടർന്ന് കേരള ഗസറ്റ് തപാൽ മുഖേന സൗജന്യ നിരക്കിൽ അയയ്ക്കാൻ കഴിയാതെ വന്നിരുന്നു. അതിനെതുടർന്ന് ആർ.എൻ.ഐ. രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിച്ചെങ്കിലും ന്യൂഡൽഹിയിലെ ന്യൂസ് പേപ്പർ ഫോർ ഇൻഡ്യ രജിസ്ട്രാറിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതുകൊണ്ട് 2012 ഡിസംബർവരെയുള്ള ഗസറ്റുകൾ തപാൽ മുഖേന അയയ്ക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. |
| (സി) | കെട്ടിക്കിടക്കുന്ന പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) കെട്ടിക്കിടക്കുന്ന പ്രസിദ്ധീകരണങ്ങളിൽ കുറെഭാഗം വിതരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Roopa Kumari

സെക്ഷൻ ഓഫീസർ